

# ഫുക്കുവോക്ക : ലളിതം, സഹജം

ഡോ. കെ. അരവിന്ദാക്ഷൻ

**പ്രകൃതി സ്നേഹികളുടെ ചെറിയൊരു കൂട്ടായ്മയുടെ ആഭിമുഖ്യത്തിലായിരുന്നു 'ഒറ്റവൈക്കോൽ വിപ്ലവം' പ്രകാശനം ചെയ്തത്. ആദ്യ മലയാളം പതിപ്പിന്റെ പ്രസാധകനായിരുന്ന 'വാൾഡനി'ലെ കെ. അരവിന്ദാക്ഷൻ, 'ഗാന്ധിയുടെ ജീവിതദർശനം' എഴുതിയ അദ്ദേഹം ഫുക്കുവോക്കയെ ഓർക്കുന്നു.**

മനുഷ്യർ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളുടെ അതിസങ്കീർണ്ണമായ അഴിയാകുരുക്കുകൾക്കുള്ളിലാണ് മനുഷ്യനും ഇതരജീവികളും. അതിനാൽ തന്നെ ലളിതവും സഹജവുമായ, കൃഷി കേന്ദ്രസൂര്യനാകുന്ന ഫുക്കുവോക്കയുടെ ദർശനം കാൽപ്പനികവും അപ്രായോഗികവുമായി തള്ളപ്പെട്ടേക്കാം.

ഫുക്കുവോക്കയുടെ ഒറ്റവൈക്കോൽ വിപ്ലവം, ഗാന്ധിയുടെ ഹിന്ദ്സ്വരാജ് പോലെ കാലത്തിന് വളരെ മുമ്പേ പിറന്നുപോയ കൃതിയാണ്. നാമിന്നുജീവിക്കുന്ന ആർത്തിയുടെയും അധികാരത്തിന്റെയും ഹിംസാരീതികൾക്ക് ബദലായി, എല്ലാ ജീവികൾക്കും സാധ്യമാകുന്ന ഒന്നുണ്ടെന്ന് ചൂണ്ടിക്കാണിക്കുന്നത് ഫുക്കുവോക്കയുടെ ജീവിതദർശനം. അതിലേയ്ക്ക് നീങ്ങുവാനുള്ള വിവേകം മനുഷ്യകുലം ഇനിയും നേടിയിട്ടില്ല. വലിയൊരു തകർച്ചയിൽ നിന്നേ ആ വിവേകം ഉദിക്കൂ.

*വാൾഡൻ, എറവ്, തൃശൂർ -680620*

---

# ഫുക്കുവോക്ക : കുറൊസാവയുടെ 'സ്വപ്നം'

പ്രൊഫ. ഐ. ഷൺമുഖദാസ്

**ലോക പ്രശസ്ത സിനിമാക്കാരനായ അകിര കുറൊസോവയുടെ 'ഡ്രീംസി'ലെ ഒരു സ്വപ്നം മസനോബു ഫുക്കുവോക്കയായിരുന്നോ? സിനിമാ നിരൂപകനായ ഷൺമുഖദാസ് കാണുന്നു.**

"ശുദ്ധമായ ജലവും ശുദ്ധമായ വായുവും ജീവിതത്തെ സുന്ദരവും പരിശുദ്ധവുമാക്കുന്നു" എന്നു വാദിക്കുന്ന ഒരു തൊപ്പിക്കാരൻ വൃദ്ധൻ കേന്ദ്രകഥാപാത്രമായ ഒരു സ്വപ്നത്തിലാണല്ലോ അകിരാ കുറൊസാവയുടെ 'സ്വപ്നങ്ങൾ' എന്ന ചിത്രം അവസാനിക്കുന്നത്. ഫുക്കുവോക്കയായിരിക്കുമോ ഈ വൃദ്ധൻ? അകിരാ സ്വപ്നങ്ങളിലെ അവസാനത്തെ സ്വപ്നമായ 'വില്ലേജ് ഓഫ് ദി വാട്ടർ മിൽസ്' ഫുക്കുവോക്കയെ ഓർത്തുകൊണ്ട്, ഫുക്കുവോക്കയ്ക്ക് സമർപ്പിച്ചുകൊണ്ട് രൂപകല്പന ചെയ്തതായിരിക്കുമോ? കിളികൾക്കും കുട്ടികൾക്കും പൂവുകൾക്കും ഒഴുകുന്ന ജലത്തിനും പ്രാമുഖ്യമുള്ള ഈ സ്വപ്നത്തിന്റെ അവസാനദൃശ്യം



ഒഴുകുന്ന ജലത്തിനടിയിൽ ചലിക്കുന്ന പച്ചത്തലപ്പുകളുടേതാണ്. അന്ത്യത്തിലുള്ള ക്രെഡിറ്റ് ടൈറ്റിലുകൾ ഈ പച്ചത്തലപ്പുകൾക്കും പ്രവാഹജലത്തിനും മീതെ പ്രത്യക്ഷപ്പെടുമ്പോൾ സംഗീതം ഉയർന്നുകൊണ്ടിരിക്കുന്നു. എന്നാൽ 'ജലചക്രങ്ങളുടെ ഗ്രാമം' എന്ന ഈ ദിവാസ്വപ്നത്തിൽ പ്രകൃതി ശബ്ദങ്ങളിലൂടെ സൃഷ്ടിക്കപ്പെടുന്ന ഈ ഉണർത്തുപാട്ട്, കുറസോവ ചിത്രങ്ങളിൽ അവസാനഘട്ടത്തിൽ ബുദ്ധമന്ത്രണങ്ങൾ പോലെ കൂടുതൽ പ്രധാന്യം നേടുന്നു. 'റാപ്സഡി'യുടെ ശബ്ദപഥത്തിൽ ജലത്തിനും ചീവീടുകൾക്കും എന്നതുപോലെ നിശബ്ദതയ്ക്കും ബുദ്ധിസ്റ്റ് പ്രാർത്ഥനാ ജപങ്ങൾക്കും പ്രാധാന്യമുണ്ട്.

(കടപ്പാട് : ഐ.ഷൺമുഖദാസിന്റെ ആരാണ് ബുദ്ധനല്ലാത്തത് : പ്രകൃതിയുടെ ശബ്ദപദം. പേജ് 95. പ്രസക്തി ബുക്സ് ഹൗസ്, പത്തനംതിട്ട.)

*ശാന്തി, ചെമ്പുക്കാവ്, തൃശൂർ - 20*